**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2350** **07-07-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി മുഖേന നാളിതുവരെ എത്ര രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര രൂപയുടെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | 05.07.2022 ലെ കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് 70,841.38/- കോടി രൂപയുടെ 962 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 23,461.99/- കോടി രൂപയുടെ 517 പദ്ധതികൾ ആരംഭിച്ചിട്ടുള്ളതും 5486.59/- കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | വിവിധ പദ്ധതികൾക്കായി കിഫ്ബിയിൽ നിന്നും നാളിതുവരെ എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്; കിഫ്ബിയിൽ നിലവിൽ എത്ര തുക ബാക്കിയുണ്ടെന്നും പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എത്ര തുക കൂടി ആവശ്യമുണ്ടെന്നും ഇത് എപ്രകാരം സമാഹരിക്കുമെന്നും വ്യക്തമാക്കുമോ? | (ബി) | പദ്ധതികൾക്കായി 20,484.27 കോടി രൂപ കിഫ്ബിയിൽ നിന്നും ചിലവഴിച്ചിട്ടുണ്ട്. 06.07.2022 ലെ കണക്കനുസരിച്ച് ആകെ 6825.77 കോടി രൂപ കിഫ്ബിയിൽ ലഭ്യമാണ്. ഇതിൽ ട്രഷറി നിക്ഷേപമായ 2821.82 കോടിയുടെ കോർപ്പസ് ഫണ്ടും ഉൾപ്പെടും. ഇതുവരെ അനുവദിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നിലവിലെ കണക്കനുസരിച്ച് 50,419.61 കോടി രൂപ കൂടി ആവശ്യമായി വരും. പദ്ധതികൾക്കായി ചെലവഴിക്കേണ്ടി വരുന്ന പണം മുഴുവൻ മുൻകൂട്ടി സ്വരൂപിക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. കിഫ്ബി അതിന്റെ പ്രവർത്തന രീതിക്ക് അനുയോജ്യമായ രീതിയിൽ വികസിപ്പിച്ച ഒരു ALM (അസറ്റ് ലയബിലിറ്റി മാനേജ്മെന്റ്) സോഫ്റ്റ്‌വെയർ ഉപയോഗിച്ച്, ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ ഫണ്ട് ആവശ്യകത, അവയുടെ നിർമ്മാണ പുരോഗതി, നിലവിലെ വായ്പകളുടെ തിരിച്ചടവ്, ആക്റ്റ് പ്രകാരം ലഭിച്ചുവരുന്ന തുക എന്നിങ്ങനെ വിവിധ ഘടകങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് ധനസമാഹരണത്തിനായുള്ള ഒരു പദ്ധതി തയ്യാറാക്കുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് കിഫ്ബി ധനസമാഹരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ